Lesson-17
പാഠം-17

# ആട്ടിടയൻ മല്ലനെ ജയിച്ചത്
# Shepherd who defeated the Giant

ചിത്രത്തിന് നിറം കൊടുക്കുക
Colour the picture



**തേൻകണം**
**Honey Comb**

**വെടിപ്പുള്ള കയ്യും നിർമ്മല ഹൃദയവും ഉള്ളവൻ,**
**വ്യാജത്തിനു മനസ്സുവയ്ക്കാതെയും കള്ളസത്യം ചെയ്യാതെയും ഇരിക്കുന്നവൻ.**
**സങ്കീർത്തനം 24:4**

He who has clean hands and a pure heart,
who does not lift up his soul to an
idol or swear by what is false. Psalms 24: 4

**പാഠഭാഗം: 1ശമുവേൽ 17:1–58**

നിങ്ങൾ പോലീസുകാരെ കണ്ടിട്ടുണ്ടോ? (അവരുടെ കൈയ്യിൽ തോക്ക്, ലാത്തി, അവരുടെ വലിപ്പം, വേഷം, ഗൗരവ ഭാവം വിവരിക്കുക) പലപ്പോഴും നാം അവരെ കാണുമ്പോൾ ഭയന്നു പോകാറുണ്ട്. ഫെലിസ്ത്യ സൈന്യത്തിന്റെ അധിപനായ ഒരു മല്ലനെ ഒറ്റക്ക് ഒരു ബാലൻ എതിർത്തു കൊന്ന അത്ഭുതകരമായ ഒരു സംഭവം ഉണ്ടായി.ആ കഥ നമ്മുക്ക് പഠിക്കാം.

ദൈവത്തിന്റെ ജനമായ യിസ്രയേലിനോടു യുദ്ധം ചെയ്യുവാൻ ഫെലിസ്ത്യരുടെ ഒരു വലിയ സൈന്യം വന്നു. അവരുടെ നേതാവ് ഗോല്യാത്ത് എന്നു പേരുള്ള മല്ലനായ ഒരു പട്ടാളക്കാരനായിരുന്നു. അവനെ കണ്ടാൽ ആരും പേടിച്ചു പോകത്തക്കവണ്ണം അതി ഭയങ്കരനായിരുന്നു. അവന് 9 അടി 6 ഇഞ്ച് ഉയരമുണ്ടായിരുന്നു. അവന്റെ തലയിൽ ഒരു താമ്ര ശിരസ്ത്രം ഉണ്ടായിരുന്നു. അവന് അയ്യായിരം ശേക്കൽ തൂക്കമുള്ള താമ്ര കവചവും താമ്രം കൊണ്ടുള്ള കാൽ ചട്ടയും ചുമലിൽ താമ്രം കൊണ്ടുള്ള ഒരു വേലും ഉണ്ടായിരുന്നു. അവന്റെ കുന്തത്തിന്റെ അലക് അറുനൂറു ശേക്കലും ആയിരുന്നു. അവന്റെ മുമ്പിൽ ഒരു വേലക്കാരൻ നിന്ന് ഇങ്ങനെയിസ്രയേൽ സൈന്യത്തോടു വിളിച്ചു പറക പതിവായിരുന്നു "നിങ്ങളുടെ ഇടയിൽ നിന്ന് ഒരുവനെ തിരഞ്ഞെടുത്തു യുദ്ധം ചെയ്യുവാൻ വിടുക. ഇവരിൽ ആരു ജയിക്കുമോ അവർക്കു തോറ്റവർ അടിമകളായിരിക്കണം". എന്നാൽ ഈ വെല്ലുവിളികൾക്കു മറുപടി പറയാനോ, ഒരാളെ അവനോടു യുദ്ധം ചെയ്യുന്നതിന് അയക്കുവാനോ യിസ്രയേലിനു കഴിഞ്ഞില്ല.

യിസ്രയേലിൽ യിശ്ശായിയുടെ എട്ടാമത്തെ പുത്രനായിരുന്നു ദാവീദ്. അവന്റെ ജോലി ആടുകളെ മേയ്ക്കൽ ആയിരുന്നു.തന്റെ മൂത്തവരായ മൂന്ന് ജ്യേഷ്ഠന്മാർ യിസ്രയേൽ പട്ടാളത്തിൽ ആയിരുന്നു. അവരുടെ ക്ഷേമം അന്വേഷിക്കുവാൻ പിതാവ് ദാവീദിനെ അയച്ചു. അങ്ങനെ ദാവീദ് യുദ്ധരംഗത്ത് എത്തിയപ്പോൾ കേൾക്കുവാനും കാണുവാനും ഇടയായത് എന്തായിരുന്നു? ഫെലിസ്ത്യന്റെ രൂപവും നിന്ദാഭാവവും വാക്കുകളും ദാവീദിനെ ചൊടിപ്പിച്ചു.ദൈവത്തെയും ദൈവജനങ്ങളെയും നിന്ദിക്കുന്നതുകേട്ടപ്പോൾ അവനു ദു:ഖവും കോപവും ഉണ്ടായി. അവൻ ഇങ്ങനെപറഞ്ഞു 'ഞാൻ ഈ ഫെലിസ്ത്യനെ കൊല്ലും' ഇക്കാര്യം യിസ്രയേൽ രാജാവിന്റെ ചെവിയിൽ എത്തി രാജാവ് ദാവീദിനെവിളിപ്പിച്ച് തന്റെ യുദ്ധ വസ്ത്രങ്ങളും ആയുധങ്ങളും ധരിപ്പിച്ചു. എന്നാൽ അതണിഞ്ഞ് പരിചയമില്ലാത്തതിനാൽ ദാവീദ് തന്റെ ഇടയ വേഷം തന്നെ ധരിച്ചു. ദാവീദ് തന്റെ കവിണയും തോട്ടിൽ നിന്ന് അഞ്ചു മിനുസമുള്ള കല്ലും എടുത്ത് ഗോല്യാത്തിനോട് അടുത്തു " നീ വടികളുമായി എന്റെ നേരെ വരുവാൻ ഞാൻ നായോ"? എന്നു ദാവീദിനെ പരിഹസിച്ചു ഗോല്യാത്തു ചോദിച്ചു. ദാവീദ് യഹോവയുടെ നാമത്തിൽ അവന്റെ നേരെ ചെന്നു. ഒരു കല്ലെടുത്ത് കവിണയിൽ വെച്ചു വീശി, ഗോല്യാത്തിന്റെ നെറ്റിക്ക് എറിഞ്ഞു. കല്ല് നെറ്റിയിൽ പതിഞ്ഞു. അയാൾ കവിണ്ണു വീണു. ദാവീദ് ഓടി ചെന്ന് ഫെലിസ്ത്യന്റെ വാൾ തന്നെ ഉറയിൽ നിന്ന് ഊരിയെടുത്ത് ഗോല്യാത്തിന്റെ തല വെട്ടിയെടുത്ത് രാജസന്നിധിയിൽ കൊണ്ടുവന്നു. ഫെലിസ്ത്യ സൈന്യത്തെ യിസ്രയേൽ സൈന്യം നിശ്ശേഷം തോൽപ്പിച്ചു.

**സന്ദേശം: ദാവീദ് ഒരു ചെറിയ ബാലനായിരുന്നിട്ടും ദൈവത്തിനു അവനെകൊണ്ടു വലിയ കാര്യം ചെയ്യിക്കുവാൻ സാധിച്ചു. ദൈവത്തിനു വലിയവരോ ചെറിയവരോ എന്ന വ്യത്യാസമില്ല ദൈവം നമ്മെ ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്നു.**

## Reading Portion: I Samuel 17: 1-58

Have you seen Policemen? (Describe their gun, rod, their size, and uniform, serious looks) Often we get scared when we see them. A young boy defeated a Giant who was a military commander in Philistine army, single handed. Let us learn that story.

Once a big army of Philistines came for war with God's people, Israel. Their leader was a giant named Goliath. He was so mighty that his appearance itself will make anyone scared. He was 9.6 feet tall. He had a bronze helmet on his head. He wore an armor of bronze weighing 5000 shekels, on his legs he wore bronze greaves and a

bronze javelin was slung on his back. His spear iron point weighed 600 shekels. His servant used to stand in front of him and shouts at the Israelite army like this, 'Choose and sent the best soldier from your army to fight with Goliath. Whoever looses the battle will be the slaves of the winner'. But Israelites were not able to take up this challenge nor were they able to send someone to fight the battle with Goliath.

David was the eighth son of Jesse. His job was to tend his father's sheep. Three of his elder brothers were soldiers in the army of Israel. David's father sent David to the army camp to see how well his brothers were doing. But what did David hear when he reached the army camp? Goliath's looks and his words defying Israel infuriated David. When David heard Goliath insulting God and God's people he became sad and very angry and he said : “I will kill this Philistine”. The King of Israel came to know about David's statement. The King called for David and dressed him his armour, helmet and sword. But David was not used to this kind of dressing. So he wore his Shepherd's dress. He took his rod, his sling and chose five smooth stones from the stream and moved towards Goliath. Making fun of David, Goliath said “Am I a dog that you come with sticks?” But David in the name of the Lord Almighty went straight to Goliath, took one smooth stone from his bag and he slung it and struck Goliath on the forehead. Goliath fell with face down on the ground. David ran and stood over him. He drew the Philistine's sword from the scabbard. He cut off Goliath's head with his own sword and brought it to the King. Israelites completely defeated the Philistines.

**David, though was a young boy, God used him to do great things. God does not discriminate big and small. God wants to use us.**

## പ്രവർത്തനം Activity

രണ്ടു പേരുടെയും പ്രത്യേകതകൾ
കണ്ടു പിടിച്ച് അടയാളപ്പെടുത്തുക

Mark the characteristics of the two

ദാവീദ്
David

ഗോലിയാത്ത്
Goliath



| | |
|---|---|
| നല്ല ഇടയൻ | Good Shepherd |
| ധൈര്യശാലി | Brave |
| യോദ്ധാവ് | Warrior |
| കോമളരൂപി | Beautiful |
| കിന്നരം വായിക്കും | Plays harp |
| താമ്രശിരസ്ത്രം | Bronze Helmet |



**താഴെ കാണുന്നവയിൽ ദാവീദിന്റെയും ഗോലിയാത്തിന്റെയും അല്ലാത്ത ആയുധംകണ്ടുപിടിക്കുക.**

Find out the weapon which do not belong to David or Goliath








1. ദാവീദിന്റെ അപ്പൻ ആര്?
   What is the name of David's father?
2. ഫെലിസ്ത്യ സൈന്യത്തിന്റെ അധിപനായ മല്ലൻ ആര്?
   Who was the giant leader of Philistine Army?
3. ഫെലിസ്ത്യനെ ദാവീദു കൊന്നത് എങ്ങനെ?
   How did David kill the Philistine?
4. ഗോല്യാത്തിന്റെ യുദ്ധായുധങ്ങൾ ഏവ?
   What all were Goliath's weapons for the war?
5. ഗോല്യാത്ത് യിസ്രായേലിനെ വെല്ലുവിളിച്ചതെങ്ങനെ?
   How did Goliath challenge the Israelites?
6. ഗോല്യാത്ത് ദാവീദിനെ കണ്ടപ്പോൾ എന്തു പറഞ്ഞു?
   What did Goliath say when he saw David?

